പാസ്സാക്കിക്കഴിഞ്ഞാൽ അത് ഡ്രാ ചെയ്യുന്നില്ലെങ്കിൽ സ്വാഭാവികമായും ഗവൺമെന്റ് അസൈൻ ചെയ്യുതുവരുമ്പോഴേക്കും 15-ാം തീയതിയോളമാകും. അങ്ങനെയൊരു പ്രത്യേകമായ സാഹചര്യത്തിൽ ഒരു കരുതൽ നടപടിയെന്ന നിലയിൽ, കേരളത്തിലെ റേഷൻകടക്കാർക്ക്.....ഈ സഭയിൽതന്നെ ഒരു പ്രാവശ്യം ഇതുപോലെ കണ്ടിൻജൻസി ബിൽ കൊണ്ടുവന്നപ്പോഴും, സപ്ലിമെന്ററി ഡിമാൻറ് വരുമ്പോഴേക്ക് ലാപ്സാകും. നമ്മൾ സഭയുടെ സമയം വെറുതെ കളയുന്നതെന്തിനാണെന്ന് പറഞ്ഞുകൊണ്ട് സഭയുടെ പ്രതിപക്ഷ മെമ്പറൻമാർ ആവശ്യപ്പെടുകയുണ്ടായി. അങ്ങനെയൊരു പ്രത്യേക സാഹചര്യത്തിലാണ് ഇതുണ്ടായിട്ടുള്ളത്. അല്ലാതെ സഭയോടുള്ള അനാദരവിന്റെ അടിസ്ഥാനത്തിലല്ല. 10-ാം തീയതി സപ്ലിമെന്ററി ഡിമാൻറ് പാസ്സാക്കുന്നതോടുകൂടി ഈ ഓർഡിനൻസ് ലാപ്സാകുകയും ചെയ്യും.

11 a.m.] മി. സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചു. ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്റ്റർ അതിന് നിലപാട് വിശദീകരിക്കുകയും ചെയ്തു. അത് ഒരു പ്രത്യേകമായ സാഹചര്യത്തിൽ ചെയ്യേണ്ടി വന്നതാണ്. അതുകൊണ്ട് ചെയർ ഇത് പ്രൊസീഡ് ചെയ്യാൻ അനുവദിക്കുകയാണ്. ഒബ്ജക്ഷൻ ഓവർ റൂൾ ചെയ്യണം. പക്ഷേ അതിന്റെ പ്രധാന പോയിൻറ് മേലിൽ ഈ നിയമസഭ സമ്മേളിക്കാൻ നോട്ടീസ് നൽകിയതിനുശേഷം തൊട്ടടുത്ത ദിവസങ്ങളിൽ ഓർഡിനൻസ് കൊണ്ടുവരുന്നത് പ്രോപ്പർ അല്ല. മേലിൽ അത് ഉണ്ടായിരിക്കരുത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഒരു ദിവസം കേരളത്തിൽ റേഷൻ മുടങ്ങിക്കഴിഞ്ഞാൽ വരാവുന്ന അപകടമെന്താണെന്ന് അങ്ങ് ആലോചിക്കണം.

മി. സ്പീക്കർ : ഇത് ഒരു പ്രത്യേക സാഹചര്യമായതുകൊണ്ട് ഈ കാര്യത്തിൽ ചെയർ അനുവദിക്കുകയാണ്. പക്ഷേ മേലിൽ ഇത് ഒരു കീഴ്വഴക്കമായി എടുത്തുകൊണ്ട്, മേലിൽ സഭ സമ്മേളിക്കാൻ നോട്ടീസ് വന്നതിനുശേഷം ഓർഡിനൻസ് ഇറക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ട് പ്രൊപ്രൈറ്ററിയുടെ കാസ്റ്റിങ് വോട്ട് കണക്കിലെടുക്കേണ്ടതായിട്ടുണ്ട്.

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപതാമതു റിപ്പോർട്ട്

ശ്രീ. എം.എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 29-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി.കെ. വേലായുധൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് സഭ അംഗീകരിച്ചു.

(1) അനൗദ്യോഗികാംഗങ്ങളുടെ ബിൽ

ശ്രീ. സി.ടി. കൃഷ്ണൻ : സർ, 1985-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(2) 1984-ലെ കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയ പ്രകാരമുള്ളത്)

ശ്രീ. എ.വി. താമരാക്ഷൻ : സർ, ബഹുമാന്യനായ ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയിട്ടുള്ള കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഒരു ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ നിയമസഭയിൽ തന്നെ നിരവധി പ്രാവശ്യം ശ്രദ്ധക്ഷണിക്ക പ്രമേയത്തിലൂടെയും, സബ്മിഷനിലൂടെയും മറ്റ് പല രൂപത്തിലും നമ്മു സംസ്ഥാനത്ത് നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കി തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്ന ആവശ്യം ഉയർത്ത യിട്ടുള്ളതാണ്. ഈ സഭയ്ക്കകത്തും പുറത്തും കെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികൾ കക്ഷി രാഷ്ട്രീയത്തിനതീതമായി, ഈ ആവശ്യങ്ങൾ അംഗീക രിക്കപ്പെടുന്നതിനുവേണ്ടി ശക്തമായ പ്രക്ഷോപണങ്ങൾ നടത്തിക്കൊണ്ടിരിക്കു കയുമാണ്. സർ, ഈ സഭയിൽ തന്നെ ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി പല അവസരങ്ങളിൽ ഈ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരി ക്കുന്ന കാര്യത്തെപ്പറ്റി 'അടിയന്തിരമായി നടപ്പിലാക്കും' അടിയന്തിര നടപടി, സ്വീകരിക്കും, എന്നൊക്കെ പറഞ്ഞതാണ്. അതിനുവേണ്ടി മഹാബലറാവു കമ്മിഷനായി ഒരു ഏകാംഗ കമ്മീഷനെ സംസ്ഥാന ഗവൺമെൻറ് നിയമിച്ചി രുന്നു. മഹാബലറാവു കമ്മിഷനായിട്ടുള്ള ആ കമ്മിഷന്റെ റിപ്പോർട്ട് സംസ്ഥാന ഗവൺമെൻറിന് കിട്ടിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്ന് മാത്രമല്ല, ഈ കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഒരു സമഗ്രമായ ക്ഷേമനിധി ലാ ഡിപ്പാർട്ടുമെൻറ് തന്നെ തയ്യാറാക്കി സംസ്ഥാന ഗവൺ മെൻറിന് സമർപ്പിച്ചിട്ടും, മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ഈ ഗവൺമെൻറിന് ഈ തൊഴിലാളികളോട് അൽപ്പംപോലും താൽപ്പര്യമില്ലെ ന്നാണ് കാണാൻ കഴിയുന്നത്. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള ഗവൺമെൻറിന്റെ അവസാന നിയമസഭാ സമ്മേളനങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഈ നിയമസഭ 29-ാം തീയതി അവസാനിക്കുന്നതിന് മുൻപായി ഈ സമ്മേളനത്തിൽപോലും ഈ കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമ നിധിബിൽ ചർച്ചയ്ക്കു കൊണ്ടുവരാനോ, അത് പാസ്സാക്കാനോ ഇടയുണ്ടെ ന്നുള്ള യാതൊരു വിശ്വാസവും എനിക്കില്ല. ആ നിലയിൽ ബഹുമാന്യനായ ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ ഗവൺമെൻറിന് എന്തെങ്കിലും ഭേദഗതി വേണമെങ്കിൽ അത് അംഗീകരിക്കാൻ ഇത് അവതരിപ്പിച്ച ശ്രീ. കാനം രാജേന്ദ്രൻ തയ്യാറാണ്. ആ നിലയിൽ സംസ്ഥാന ഗവൺമെൻറ് പിടിവാശി കാണിക്കാതെ, നമ്മുടെ കേരളത്തിലുള്ള ഈ രംഗത്ത് പണിയെടു ക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ താൽപ്പര്യമാണ് ആഗ്രഹമെങ്കിൽ, ഇനി ഈ ഗവൺമെൻറിന് ഇത്തരം നിയമനിർമ്മാണം നടത്താൻ സമയമുണ്ടാകു കയില്ലെന്നത് കണക്കിലെടുത്തുകൊണ്ടും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ നിയമം അംഗീകരിക്കാനുള്ള സൗമനസ്യമെങ്കിലും സംസ്ഥാന ഗവൺമെൻറ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗവൺമെൻറിന് ഈ നിയമ ത്തിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ, എന്തെങ്കിലും ഭേദഗതി വരുത്ത ണമെങ്കിൽ ആ ഭേദഗതികൾ പൂർണ്ണ മനസ്സോടെ അംഗീകരിക്കാൻ തയ്യാറാ ണെന്ന് പ്രബന്ധാവതാരകൻ തന്നെ എന്നോട് സമ്മതിച്ചിട്ടുണ്ട്. ആ നില യിൽ അത് അംഗീകരിച്ചുകൊണ്ടും ഈ നിയമം അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly